"ഭരണഭാഷ - മാതൃഭാഷ"


# GOVERNMENT POLYTECHNIC COLLEGE

MUTTOM P O, THODUPUZHA, IDUKKI DISTRICT
KERALA, PIN 685 587 Phone: 04862 255083
Website: www.gpcmuttom.ac.in Email: gptcmuttom@yahoo.co.in


നമ്പർ : സി/2140/2024 തീയതി :20.07.2024

## സ്പോട്ട് അഡ്മിഷൻ – 2024–25

2024–25 അദ്ധ്യയന വർഷത്തേയ്ക്കുള്ള ഒന്നാം വർഷ റെഗുലർ പ്രവേശനത്തിന് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരും ഇടുക്കി ജില്ലയിലേക്ക് സ്പോട്ട് രജിസ്ട്രേഷൻ ചെയ്തിട്ടുള്ളവരുമായ വിദ്യാർത്ഥികൾക്കായി ഇടുക്കി ജില്ലയിലെ നോഡൽ പോളിടെക്നിക്ക് കോളേജായ മുട്ടം സർക്കാർ പോളിടെക്നിക്ക് കോളേജിൽ വച്ച് ജില്ലാതല സ്പോട്ട് അഡ്മിഷൻ 2024 ജൂലായ് 22, 23, 24 എന്നീ തീയതികളിൽ, ജില്ലയിലെ എല്ലാ സർക്കാർ, ഐ.എച്ച്.ആർ.ഡി., സ്വാശ്രയ പോളിടെക്നിക്ക് കോളേജുകളിലെ ഒഴിവുള്ള സീറ്റിലേക്ക് നടത്തപ്പെടുന്നു. അപേക്ഷകർ എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകളും പ്രോസ്പെക്ടസ് പ്രകാരമുള്ള ഫീസ് (QR Code / UPI Payments), പി.ടി.എ. ഫണ്ട്, യൂണിഫോം ഫീസ് എന്നിവ സഹിതം രക്ഷാകർത്താവിനോടൊപ്പം കൃത്യസമയത്ത് ഹാജരാകേണ്ടതാണ്. ഇടുക്കി ജില്ലയിലേക്ക് സ്പോട്ട് അഡ്മിഷൻ രജിസ്റ്റർ ചെയ്തതിന്റെ രജിസ്ട്രേഷൻ സ്ലിപ്പ് കൊണ്ടുവരേണ്ടതാണ്. ഒഴിവുകളുടെ വിവരങ്ങൾ www.polyadmission.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

## തീയതി :22/07/2024 (Stream I)

| സമയം | പങ്കെടുക്കാവുന്നവർ |
|---|---|
| രാവിലെ 9.00 മുതൽ 9.30 വരെ | റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ഭിന്നശേഷി (PH) വിഭാഗക്കാരും |
| രാവിലെ 9.30 മുതൽ 10.00 വരെ | റാങ്ക് നമ്പർ 1 മുതൽ 20000 വരെ. |
| രാവിലെ 10.00 മുതൽ 10.30 വരെ | റാങ്ക് നമ്പർ 20001 മുതൽ 26000 വരെ. |
| രാവിലെ 10.30 മുതൽ 11.30 വരെ | റാങ്ക് നമ്പർ 26001 മുതൽ 30000 വരെ. |
| രാവിലെ 11.30 മുതൽ 12.30 വരെ | റാങ്ക് നമ്പർ 30001 മുതൽ 37000 വരെ. |

## തീയതി :23/07/2024 (Stream I)

| സമയം | പങ്കെടുക്കാവുന്നവർ |
|---|---|
| രാവിലെ 9.00 മുതൽ 10.00 വരെ | റാങ്ക് നമ്പർ 37001 മുതൽ 42000 വരെ. |
| രാവിലെ 10.00 മുതൽ 11.00 വരെ | റാങ്ക് നമ്പർ 42001 മുതൽ 46000 വരെ. |
| രാവിലെ 11.00 മുതൽ 12.00 വരെ | റാങ്ക് നമ്പർ 46001 മുതൽ 49000 വരെ. |

## തീയതി :24/07/2024 (Stream I)

| സമയം | പങ്കെടുക്കാവുന്നവർ |
|---|---|
| രാവിലെ 9.00 മുതൽ 10.00 വരെ | റാങ്ക് നമ്പർ 49001 മുതൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാവരും |

## തീയതി :24/07/2024 **(Stream II)**

| സമയം | പങ്കെടുക്കാവുന്നവർ |
|---|---|
| രാവിലെ 11.00 മുതൽ 12.00 വരെ | Stream II - റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാവരും |

അഡ്മിഷൻ ലഭിക്കുന്ന സീറ്റിലേക്കുള്ള ഫീസ് അഡ്മിഷൻ സമയത്തു തന്നെ അടയ്ക്കേണ്ടതാണ്. പ്രോസ്പെക്ടസ് പ്രകാരമുള്ള സർക്കാർ ഫീസ് കാർഡ് പേയ്മെന്റ് മുഖേന മാത്രമേ സ്വീകരിക്കുകയുള്ളൂ. ആയതിനാൽ **ATM** കാർഡ് / QR Code / UPI Payments, നിർബന്ധമായും കൈയിൽ കരുതേണ്ടതാണ്.

GOVERNMENT OF KERALA
GOVERNMENT POLYTECHNIC COLLEGE
MUTTOM, THODUPUZHA, IDUKKI - 685 587
DEPARTMENT OF TECHNICAL EDUCATION

പ്രിൻസിപ്പാൾ

PRINCIPAL
Govt. Polytechnic College
Muttom, Thodupuzha
PIN - 685 587

**STATE INSTITUTE OF TECHNICAL TEACHERS TRAINING & RESEARCH**
Department of Technical Education, Govt. of Kerala
HMT Junction, Kalamassery,
Kochi – 683 104

*E-mail: sitttr@gmail.com*,
Web:
www.sitttrkerala.ac.in

No. P3/177/2024 Date: 17.07.2024

**ജില്ലാതല കൗൺസലിംഗ് അഡ്മിഷൻ - അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ**

1. റാങ്ക് ലിസ്റ്റിൽ പേരുള്ള അപേക്ഷകർക്ക് കൗൺസലിംഗിൽ ഓൺലൈനായി രജിസ്റ്റർ ചെയ്ത് പങ്കെടുക്കാവുന്നതാണ്.
2. അപേക്ഷകർ ക്ക് **17/07/2024 മുതൽ 21/07/2024** വരെ അഡ്മിഷൻ വെബ്സൈറ്റിലെ **"Counselling/Spot Admission Registration"** എന്ന ലിങ്ക് വഴി ഓൺലൈനായി രജിസ്റ്റർ ചെയ്യാവുന്നതാണ്. ഓൺലൈനായി പ്രത്യേകം രജിസ്റ്റർ ചെയ്യാത്തവരെ ജില്ലാതല കൗൺസലിംഗിൽ പങ്കെടുപ്പിക്കുന്നതല്ല.
3. കൗൺസലിംഗ് ജില്ലാതലത്തിൽ നോഡൽ പോളിടെക്നിക് കോളേജിൽ വെച്ച് **22/07/2024 മുതൽ 26/07/2024** വരെ നടത്തുന്നതാണ്. അപേക്ഷകർ അഡ്മിഷൻ പോർട്ടലിൽ പ്രസിദ്ധീകരിക്കുന്ന സമയക്രമം പ്രകാരം നോഡൽ പോളിടെക്നിക് കോളേജിൽ വെച്ച് നടക്കുന്ന കൗൺസലിംഗിൽ പങ്കെടുക്കേണ്ടതാണ്.
4. അപേക്ഷകന് പരമാവധി മൂന്നു ജില്ലകളിലേക്ക് മാത്രമേ ഒരേസമയം കൗൺസിലിംഗിനായി രജിസ്റ്റർ ചെയ്യാൻ സാധിക്കുകയുള്ളൂ ആയതിനാൽ അപേക്ഷകന് സൗകര്യപ്രദമായ ജില്ലകൾ നോക്കി തെരഞ്ഞെടുക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മൂന്ന് ജില്ലകൾക്ക് പുറമെ ഇടുക്കി, വയനാട് എന്നീ ജില്ലകൾ അധികമായി ചേർക്കുന്നതിന് തടസ്സമുണ്ടായിരിക്കുന്നതല്ല.
5. ആപ്ലിക്കേഷൻ /മൊബൈൽ /One Time Registration നമ്പരും ജനനതീയതിയും നൽകി അപേക്ഷകന് റജിസ്ട്രേഷൻ പൂർത്തിയാക്കാവുന്നതാണ്.
6. ഓൺലൈനായി രജിസ്റ്റർ ചെയ്തവരുടെ റാങ്കിന്റെ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന സമയക്രമമനുസരിച്ച് നോഡൽ പോളിടെക്നിക് കോളേജിൽ ഹാജരാകേണ്ടതാണ്. ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന സമയക്രമത്തിൽ ഒരു മാറ്റവും അനുവദിക്കുന്നതല്ല.
7. **നിലവിൽ അഡ്മിഷൻ ലഭിച്ചവരിൽ സ്ഥാപന മാറ്റമോ ബ്രാഞ്ച് മാറ്റമോ ആഗ്രഹിക്കുന്നവർക്കും, പുതിയതായി അഡ്മിഷൻ നേടാൻ ആഗ്രഹിക്കുന്നവർക്കും പങ്കെടുക്കാവുന്നതാണ്.**
8. **നിലവിൽ പോളിടെക്നിക് കോളേജിൽ അഡ്മിഷൻ ലഭിച്ചിട്ടുള്ള അപേക്ഷകനാണെങ്കിൽ അഡ്മിഷൻ സ്ലിപ്പോ, ഫീസ് അടച്ച രസീതോ ഹാജരാക്കിയാൽ മതിയാകും.** സ്വാശ്രയ പോളിടെക്നിക് കോളേജുകളിലെ മാനേജ്മെന്റ് ക്വാട്ട സീറ്റുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ സർട്ടിഫിക്കറ്റുകളുടെ പകർപ്പും, അഡ്മിഷൻ സ്ലിപ്പോ ഫീസ് അടച്ചതിന്റെ രസീതോ അഡ്മിഷൻ ലഭിച്ചതിന്റെ രേഖകളോ ഹാജരാക്കേണ്ടതാണ്.
9. കൗൺസലിംഗ് സമയത്ത് അപേക്ഷകന് അപ്പോൾ ഒഴിവുള്ള സീറ്റുകളിലേക്ക് കോളേജും ബ്രാഞ്ചും പുതുതായി ചേർത്ത് മുഴുവൻ ഫീസടച്ച് അഡ്മിഷൻ എടുക്കാവുന്നതാണ്. ഫീസടച്ച് അഡ്മിഷൻ എടുക്കാത്ത അപേക്ഷകന്റെ അഡ്മിഷൻ റദ്ദാക്കപ്പെടുന്നതും ലിസ്റ്റിലെ ക്രമമനുസരിച്ച് ഹാജരായിട്ടുള്ള അടുത്ത അപേക്ഷകന് നൽകുന്നതുമായിരിക്കും.
10. ഒന്നിൽ കൂടുതൽ ജില്ലകളിൽ ഒരേ സമയം പങ്കെടുക്കാനാഗ്രഹിക്കുന്നവർ നിശ്ചിത മാതൃകയിലുള്ള പ്രോക്സി ഫോം (അപേക്ഷകനും രക്ഷിതാവും ഒപ്പിട്ടത് )ഹാജരാക്കേണ്ടതാണ്. അപേക്ഷകൻ നിർദേശിക്കുന്ന പ്രോക്സിയാണ് ഹാജരാകുന്നതെങ്കിൽ ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ (അപേക്ഷകൻ സാക്ഷ്യപ്പെടുത്തിയത് ) സഹിതം ഹാജരാകേണ്ടതാണ്. എന്നാൽ അപേക്ഷകൻ ഹാജരാകുന്ന ജില്ലയിൽ സർട്ടിഫിക്കറ്റുകളുടെ ഒറിജിനൽ നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.
11. ഒരു അപേക്ഷകൻ ഒന്നിൽ കൂടുതൽ ജില്ലയിൽ അഡ്മിഷൻ നേടിയാൽ അവസാനം നേടിയ അഡ്മിഷൻ മാത്രമേ നിലനിൽക്കുകയുള്ളൂ അതിനുമുൻപ് നേടിയ അഡ്മിഷൻ സ്വമേധയാ റദ്ദാകുന്നതാണ്. ആയതിനാൽ ഒന്നിൽകൂടുതൽ ജില്ലകളിൽ പങ്കെടുക്കുന്നവർ അവരുടെ അഡ്മിഷൻ ഉറപ്പുവരുത്തേണ്ടതാണ്.
12. അപേക്ഷാ ഫോറത്തിൽ പ്രതിപാദിക്കാത്ത അവകാശങ്ങൾ കൗൺസിലിംഗ് സമയത്ത് യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.
13. ഏതെങ്കിലും കാരണവശാൽ കൗൺസിലിംഗ് രജിസ്ട്രേഷന് ബുദ്ധിമുട്ട് നേരിടുന്ന അപേക്ഷകർക്ക് തൊട്ടടുത്തുള്ള

പോളിടെക്നിക് കോളേജിലെ ഹെൽപ്പ് ഡെസ്കുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുവാൻ സാധിക്കുന്നതാണ്. സ്ഥാപന മേധാവികൾ ഇക്കാര്യം ഉറപ്പുവരുത്തേണ്ടതാണ്.

Signed by Deepa K R
Date: 17-07-2024 16:37:21
ജോയിന്റ് ഡയറക്ടർ ഇൻ ചാർജ്